ഇരുന്നു സംസാരിക്കാനും, അന്യോന്യം മനസ്സിലാക്കാനും അവസരം നൽകുന്നു എന്നതുതന്നെ ഇത്തരം സംഘടനകളിൽനിന്നു ലഭിക്കുന്ന വലിയ സേവനമാണ്. ക്ലിയോപാട്രയുടെ മൂക്കിൻെറ ആകൃതി മനുഷ്യവർഗത്തിൻെറ ഭാഗ്യനിർഭാഗ്യങ്ങളെ നിർണായകമായി സ്വാധീനിക്കുകയെന്നതു് ഇപ്പോഴും തീരെ നടക്കാത്തതായിട്ടില്ലല്ലോ.

10–12–1985

# 8. ഇന്ത്യ-ചൈന അതിർത്തിത്തർക്കം

ഇന്ത്യയ്ക്കും ചൈനയ്ക്കും നടുവിലുള്ള അതിർത്തിരേഖ നാലായിരത്തഞ്ഞൂറു കിലോമീററോളം നീണ്ടുകിടക്കുന്നു.

സൗകര്യത്തിനുവേണ്ടി ഈ അതിർത്തിയെ പടിഞ്ഞാറു്, നടു, കിഴക്കു് എന്നു മൂന്നായി വിഭജിച്ചിട്ടുണ്ടു്.

പടിഞ്ഞാറെ അതിർത്തിയിൽ, കാശ്മീരിലെ ലഡാക്ക്പ്രദേശം ചൈനയിലെ തിബത്ത് സ്വയംഭരണപ്രദേശവുമായി മുട്ടിയുരുമ്മിക്കിടക്കുന്നു. ഇവിടത്തെ ഇന്ത്യ–ചൈന അതിർത്തി 1914–ൽ അന്നത്തെ ബ്രിട്ടീഷ് ഇന്ത്യൻ സർക്കാരും തിബത്ത് സർക്കാരും തമ്മിലുള്ള ഒരു സന്ധിയുടെ ഫലമായി നിലവിൽവന്നതാണ്. തിബത്ത് തങ്ങളുടെ കീഴിലുള്ള ഒരു സാമന്തരാജ്യമാണെന്നു് ചൈന അന്നു്, എന്നും, കരുതിവന്നിരുന്നു. എന്നാൽ, ദലായ്‌ലാമയുടെ കീഴിൽ അതൊരു സ്വതന്ത്ര രാജ്യമാണെന്നാണ് ബ്രിട്ടീഷ്–ഇന്ത്യൻ സർക്കാർ കരുതിയിരുന്നതു്. തിബത്തിൽ പട്ടാളങ്ങളെ നിർത്താൻ ബ്രിട്ടീഷ്–ഇന്ത്യൻ സർക്കാർ അനുവദിക്കപ്പെട്ടിരുന്നു. തിബത്തിലെ തപാൽ–കമ്പി–ടെലിഫോൺ വകുപ്പുകൾ നടത്തിയിരുന്നതു് ഇന്ത്യാഗവണ്മെൻറ് ആയിരുന്നു.

1949 ഒക്ടോബർ 1–ാം തീയതി ജനകീയ(കമ്യൂണിസ്റ്റ്)ചൈന സ്ഥാപിക്കപ്പെട്ടതായി മാവോ സി ഡോങ് പ്രഖ്യാപിച്ചു. 1951–ൽ ചൈനീസ് പട്ടാളക്കാർ ആദ്യമായി തിബത്തിൽ കടന്നു. 1954–ൽ ഇന്ത്യയും ചൈനയും തമ്മിലുണ്ടാക്കിയ ഒരു കരാർ അനുസരിച്ച്, തിബത്തിൽ ബ്രിട്ടീഷ്–ഇന്ത്യാഗവണ്മെൻറ് സമ്പാദിച്ചതും സ്വതന്ത്ര ഇന്ത്യാഗവണ്മെൻറ് നിലനിർത്തിപ്പോന്നതുമായ പ്രത്യേകാവകാശങ്ങൾ ഇന്ത്യ ഉപേക്ഷിച്ചു. 1959 ചൈനീസ്പട്ടാളം തിബത്തിൽ പിടിമുറുക്കിയതിനെത്തുടർന്നു് തിബത്തിൻെറ ഭരണത്തലവനായിരുന്ന ദലായ്‌ലാമ ഇന്ത്യയിലേക്കു് ഓടി രക്ഷപ്പെട്ടു. (ലാമ ഇന്നും ഇന്ത്യയിൽത്തന്നെ).

ഇതിനുമുമ്പ്, 1955–ൽ അതിർത്തിയിൽ ഉടനീളം ചൈനീസ് പട്ടാളക്കാരും ഇന്ത്യൻ പട്ടാളക്കാരും തമ്മിൽ ഏറ്റുമുട്ടലുകൾ ആരംഭിച്ചിരുന്നു. അതിർത്തിയുടെ നടുവിഭാഗത്തിൽ വടക്കെ ഉത്തരപ്രദേശിൽ 'ബാരാഹോട്ടി' എന്ന സ്ഥലത്തിലെ മേച്ചിൽപ്പുറങ്ങളിലേക്കുള്ള ചൈനീസ് പട്ടാളക്കാരുടെ നുഴഞ്ഞുകയററം, അതിർത്തിയുടെ കിഴക്കെ വിഭാഗത്തിൽ ഖിൻസേമാനേ, ലോങ്ജു എന്നീ പ്രദേശങ്ങളിൽ ഇന്ത്യൻ അതിർത്തിയുടെ ലംഘനം, അതിർത്തിയുടെ പടിഞ്ഞാറെ വിഭാഗത്തിൽ, ലഡാഖിൽ അക്‌സായിചിൻ, സ്പാൻഗ്ഗുർ തടാകം, ഖുർനാക് കോട്ട എന്നിവ ചൈനീസ് പട്ടാളങ്ങൾ പിടിച്ചടക്കിയതു്, ഇന്ത്യാ–തിബത്ത് അതിർത്തിപ്രദേശത്തെ ഏതാനും പട്ടാളക്കാരെ ചീനക്കാർ കൊന്നതു്, അവരുടെ നേതാവായ കരംസിങ്ങിനെ തട്ടിക്കൊണ്ടുപോയി ദേഹോപദ്രവമേല്പിച്ചു

വിട്ടതു്, കോങ്ക ചുരത്തിലെ യുദ്ധം—ഇതെല്ലാം ചൈനാഗവണ്മെൻറും ഇന്ത്യാഗവണ്മെൻറും തമ്മിൽ നീണ്ട കത്തിടപാടുകൾക്കു കാരണമായിരുന്നു.

1954–ൽ ലദ്ദാഖിലെ 'അക്സായിചിൻ' പ്രദേശത്തുകൂടി ചൈന ഒരു പട്ടാളറോഡു് വെട്ടിയപ്പോഴാണു് ഇന്ത്യയിൽ പൊതുജനങ്ങൾ ചൈനക്കാരുടെ ഇന്ത്യയിലേക്കുള്ള കയ്യേററത്തെപ്പററി മനസ്സിലാക്കിത്തുടങ്ങിയതു്. 1958-ൽ ഈ പ്രദേശത്തുള്ള ഇന്ത്യൻ പട്ടാളക്കാരെ ചൈനക്കാർ പിടിച്ചു തടവിൽവെച്ചു. ഇപ്പോൾ, ലദ്ദാഖ് അടക്കമുള്ള കാശ്മീർ പ്രദേശത്തു് 42,735 ചതുരശ്ര കിലോമീററർ സ്ഥലം ചൈന പിടിച്ചടക്കി കൈവശം വെച്ചിരിക്കുകയാണു്. (കേരളത്തിൻെറ വിസ്താരം 38,863 ച. കി. മീ ആണെന്നുകൂടി ഓർക്കുക) ഇവിടെ പാകിസ്ഥാൻ 78,932 ച. കി. മീ. സ്ഥലം കൈയടക്കി, 'ആസാദ് കാശ്മീർ' എന്ന പേരിൽ ഭരിച്ചുവരുന്നു. ഇതിൽ കുറെ സ്ഥലം ചൈനയ്ക്കു് പാകിസ്ഥാൻ വിട്ടുകൊടുത്തിട്ടുമുണ്ടു്. ചൈനയും പാകിസ്ഥാനും ചേർന്ന ഈ പ്രദേശത്തു് അത്യന്തം സൈനിക പ്രാധാന്യമുള്ള 'കാറക്കോറം ഹൈവേ' എന്ന റോഡു് പണിതിട്ടുണ്ടു്. പീക്കിങ്ങിൽനിന്നു് കറാച്ചിയിലേക്കും തിബത്തിൻെറ തലസ്ഥാനമായ ലഹാസയിലേക്കും മോട്ടോർ ഗതാഗതത്തിനു് കാറക്കോറം റോഡു് ഉപകരിക്കുന്നു.

ലദ്ദാഖിൽ ചൈനീസ് പട്ടാളം പിടിച്ചടക്കി കൈവശംവെച്ചിരിക്കുന്ന 42,735 ച. കി. മീ. സ്ഥലത്തുനിന്നു് ചൈന ഒഴിഞ്ഞുപോകണമെന്നു് ഇന്ത്യ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണു്.

ഇന്ത്യാ–ചൈന അതിർത്തിയുടെ നടുഭാഗത്താണു് നേപ്പാൾ, ഭൂട്ടാൻ, സിക്കിം എന്നീ സ്റ്റേററുകൾ. ഇവയിൽ, സിക്കിം ഇന്ത്യയിൽ ലയിച്ചിട്ടുണ്ടു്. പക്ഷേ, ചൈന ഈ ലയനം അംഗീകരിക്കുന്നില്ല. ഹിമാലയത്തിൻെറ ഒത്ത മുകളിലെ ജലവിഭാജകരേഖ (വാട്ടർ ഷെഡ്) ആധാരമാക്കി അതിർത്തിയുടെ നടുപ്രദേശത്തും കിഴക്കേ പ്രദേശത്തും അന്നത്തെ ഇന്ത്യാ-ചൈനാസർക്കാരുകളുടെ ഉഭയസമ്മതത്തോടെ തീരുമാനിക്കപ്പെട്ട 'മാക് മോഹൻ രേഖ' എന്ന അതിർത്തി വിഭജനരേഖ, കമ്യൂണിസ്റ്റ് ചൈന ഏകപക്ഷീയമായി തള്ളിക്കളഞ്ഞിട്ടുണ്ടു്. ബ്രിട്ടീഷ് സാമ്രാജ്യവാദികളുടെ നിർബന്ധംമൂലമാണു് അന്നത്തെ ചൈന ഈ അതിർത്തിരേഖയ്ക്കു സമ്മതം മൂളിയതു് എന്നാണു് അതിനു് അവർ കാരണം പറയുന്നതു്. ഈ രേഖയുടെ തെക്കുവശത്തു് ഇന്ത്യയിൽ, തങ്ങളുടെ സ്വാധീനം വ്യാപിപ്പിക്കുന്നതിനു് പല ഹിമാലയൻ ചുരങ്ങളും, താഴ്വരപ്രദേശങ്ങൾതന്നെയും, തങ്ങളുടേതാണെന്നു് ചൈന വാദിക്കുന്നു. 'അരുണാചൽ പ്രദേശ്' എന്ന ഇന്ത്യൻ സംസ്ഥാനം മുഴവൻ ചൈന തങ്ങളുടെതാണെന്നു് അവകാശപ്പെടുന്നുണ്ടു്. ഏതെല്ലാം സ്ഥലങ്ങൾ തങ്ങൾക്കു വേണമെന്നു് കൃത്യമായി പറയുന്നില്ലെങ്കിലും, ഈ പ്രദേശത്തു് എൺപതിനായിരം ച. കി. മീ. സ്ഥലത്തോളം (ഇതു കേരളത്തിൻെറ രണ്ടിരട്ടിയേക്കാൾ അധികമാണു്.) തങ്ങൾക്കു് അവകാശപ്പെട്ടതാണെന്നത്രെ ചൈനയുടെ നിലപാടു്.

1962 ഒക്ടോബറിലാണു് ചൈനീസ് പട്ടാളം അതിർത്തിയുടെ കിഴക്കേ ഭാഗത്തു് ഇന്ത്യയിലേക്കു് പെരുവെള്ളപ്പാച്ചിൽപോലെ വലിയ തോതിൽ ആക്രമിച്ചു കടന്നതു്. സ്വാതന്ത്ര്യഭാരതത്തിനേററ ഏററവും വലിയ സൈനികാഘാതം ആയിരുന്നു ഇതു്. ഇന്ത്യൻ പ്രതിരോധം ഈ ആക്രമണത്തിനുമുമ്പിൽ പാടേ തകർന്നുപോയി. അസമിൻെറ പല ഭാഗങ്ങളിൽനിന്നും ഇന്ത്യൻ പട്ടാളത്തിനു് ഒഴിച്ചുപോരേണ്ടിവന്നു. സ്വമേധയാ ചൈനീസ്പട്ടാളം തിരിച്ചുപോയിരുന്നില്ലെങ്കിൽ, ഇന്ത്യയെന്ന പരമാധികാര ജനാധിപത്യരാഷ്ട്രത്തിൻെറ നില അന്നു് എന്താകുമായിരുന്നു എന്നു് ഓരോരുത്തർക്കും ആലോചിക്കാവുന്നതേയുള്ളു. സ്വതന്ത്ര ഇന്ത്യയുടെയെന്നപോലെ വ്യക്തിപരമായി ജവാഹർലാൽ നെഹ്റുവിൻെറ

യും ജീവിതത്തിലെ ഏററവും വലിയ പരാജയമായിരുന്നു ഇതു്. ഈ പരാജയത്തെ നെഹ്റു ഏറെക്കാലം അതിജീവിക്കുകയുണ്ടായില്ല.

1962–ലെ ചൈനീസ് ആക്രമണത്തോടെ ഇന്ത്യയും ചൈനയും തമ്മിലുള്ള രാഷ്ട്രീയബന്ധങ്ങൾ അത്യന്തം ശിഥിലങ്ങളായി. താമസിയാതെ, ചൈനയുടെ അന്താരാഷ്ട്രീയബന്ധങ്ങളിൽ മൗലികങ്ങളായ മാററങ്ങൾ വന്നു. 1963–ൽ ചൈന റഷ്യയെ തള്ളിപ്പറഞ്ഞു. ഇതോടെ അമേരിക്ക ചൈനയോടു് അടുക്കാൻ തുടങ്ങി. അമേരിക്കയും ചൈനയും തമ്മിലുള്ള 'റൊമാൻസിൽ' ദല്ലാൾ പാകിസ്ഥാൻ ആയിരുന്നു. 1971–ൽ, അമേരിക്കയുടെ സഹായത്തോടെ ചൈന ഐക്യരാഷ്ട്രസംഘടനയിലും അതിൻെറ സെക്യൂരിററി കൗൺസിലിലും അംഗമായി. 1972–ൽ അമേരിക്കൻ പ്രസിഡണ്ട് നിക്സൻ ചൈന സന്ദർശിച്ചു. അന്താരാഷ്ട്രീയ ചതുരംഗക്കളത്തിൽ റഷ്യയെ അടിയറവു പറയിക്കുന്നതിനു് അത്യന്തം ഉപയോഗമുള്ള ഒരു കരുവായിരിക്കും കമ്യൂണിസ്റ്റ് ചൈന എന്നു് അമേരിക്ക കരുതി. ഇപ്പോഴും ആ നിലയ്ക്കു് വലിയ മാററമൊന്നും വന്നിട്ടില്ല.

ചൈനയും ഇന്ത്യയും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനു് ഇന്ദിരാഗാന്ധി ചില ശ്രമങ്ങൾ നടത്താതിരുന്നില്ല. 1974–ൽ ചൈനയിൽനിന്നു് ഒരു ടേബിൾ ടെന്നീസ് ടീം ഇന്ത്യയിൽ പര്യടനത്തിനു് ക്ഷണിക്കപ്പെട്ടു. കളിക്കാരനല്ലാത്ത ഒരു ഡെപ്യൂട്ടിമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ത്യയിലെത്തിയ ഈ ടീമിനു് രാജകീയമായ സ്വീകരണമാണു് ഇന്ത്യാഗവണ്മെൻറ് നൽകിയതു്. താമസിയാതെ ഇന്ത്യ വീണ്ടും ചൈനയിലേക്കു് ഒരു അംബാസഡറെ അയച്ചു. (1962–ലെ ആക്രമണത്തെത്തുടർന്നു് ഇരുരാജ്യങ്ങളും അംബാസഡർമാരെ പിൻവലിച്ചിരുന്നു.) നയതന്ത്രപ്രതിനിധിതലത്തിൽ ചർച്ചകൾ പുനഃസ്ഥാപിക്കപ്പെട്ടു. അഞ്ചുവട്ടം സംഭാഷണങ്ങൾ നടന്നു. ഇതിൻഫലമായി കലാകാരന്മാർ, സാങ്കേതികവിദഗ്ദ്ധർ എന്നിവരേയും ഫിലിമുകൾ, റേഡിയോ–പ്രസ്സ് പ്രസിദ്ധീകരണങ്ങൾ, എന്നിവയേയും ചെറിയ തോതിൽ രണ്ടു രാജ്യങ്ങളും അങ്ങോട്ടുമിങ്ങോട്ടും അയയ്ക്കാൻ തുടങ്ങി. പരസ്പരസഹകരണത്തിനു് കൃഷി, ജലസേചനം ഇലക്ട്രോണിക്സ്, ജനസംഖ്യാനിയന്ത്രണം മുതലായ ചില മേഖലകളും നിർദ്ദേശിക്കപ്പെട്ടു. ഹിമാലയത്തിലെ മഞ്ഞു് ഉരുകിയില്ല; എങ്കിലും ഉരുകുന്നതിൻെറ ലക്ഷണങ്ങൾ കണ്ടുതുടങ്ങി.

1984 ഒക്ടോബർ 31–ാം തീയതി ഇന്ദിരാഗാന്ധി വധിക്കപ്പെട്ടതോടെ ഇന്ത്യയ്ക്കും ചൈനയ്ക്കുമിടയിൽ സ്ഥിതിഗതികൾ പെട്ടെന്നു മാറിയേക്കാമെന്ന തോന്നൽ ഉളവായി. അമ്മയെത്തുടർന്നു്, അതിബൃഹത്തായ ജനകീയപിന്തുണയോടെ അധികാരത്തിൽവന്ന പ്രധാനമന്ത്രി രാജീവ് ഗാന്ധി ഇന്ത്യാ–ചൈനാതർക്കം പരിഹരിക്കാൻ മുൻകൈയെടുത്തു. ഈയിടെ ഐക്യരാഷ്ട്രസമ്മേളനത്തിൽ പങ്കെടുക്കാൻ അമേരിക്കയിൽ പോയപ്പോൾ അദ്ദേഹം ചൈനീസ് പ്രധാനമന്ത്രി സാവോ സിയാങ്ങിനെ കണ്ടു. തുടർന്നു്, നയതന്ത്രപ്രതിനിധിതലത്തിൽ ഇന്ത്യയും ചൈനയും തമ്മിൽ ആറാംവട്ടം സംഭാഷണം നവംബർ 4 മുതൽ 11 വരെ ദില്ലിയിലും ഗോവയിലുംവെച്ചു നടക്കുകയുണ്ടായി.

പക്ഷേ, ഈ സംഭാഷണം ഇന്ത്യയും ചൈനയും തമ്മിലുള്ള ബന്ധത്തിൽ വലിയ മാററമൊന്നും വരുത്തിയിട്ടില്ല. രണ്ടു കക്ഷികളും തങ്ങളുടെ പഴയ നിലപാടുകളിൽ ഉറച്ചുനിന്നു എന്നാണു് റിപ്പോർട്ടു്. ലഡാഖിൽ തങ്ങൾ പിടിച്ചെടുത്ത സ്ഥലങ്ങളിൽ കുറെ ഇന്ത്യയ്ക്കു വിട്ടുകൊടുക്കണമെങ്കിൽ, പകരം അതിർത്തിയുടെ നടു–കിഴക്കുപ്രദേശങ്ങളിൽ ഇന്ത്യ തങ്ങൾക്കു് അത്രയും ഭൂമി വിട്ടുതരണമെന്നു് ചൈനീസ് പ്രതിനിധികൾ വാദിച്ചുവത്രേ. ഏതെല്ലാം സ്ഥലങ്ങൾ വിട്ടുകിട്ടണമെന്നു വ്യക്തമായി

നിർദ്ദേശിക്കപ്പെട്ടിട്ടില്ല. കാരണം, ചർച്ച അത്രയൊന്നും പുരോഗമിച്ചില്ല. അതിർത്തിയുടെ പടിഞ്ഞാറുഭാഗത്തു് അക്സായിചിൻ പ്രദേശത്തു് തങ്ങൾ പിടിച്ചെടുത്ത സ്ഥലങ്ങൾ ചൈന കൈവശംവയ്ക്കുകയും, മറ്റു പ്രദേശങ്ങളിൽ ഇപ്പോഴുള്ള അതിർത്തി സ്ഥിരപ്പെടുത്തുകയുംചെയ്യുക എന്ന ഒരു നിർദ്ദേശം ഇപ്പോഴും ചൈനീസ്ഭാഗത്തു് നിലവിലുണ്ടെന്നു പറയപ്പെടുന്നു. ഇതിനർത്ഥം, ചൈനയുടെ ആക്രമണത്തെ ഇന്ത്യ കണ്ണുംപൂട്ടി സഹിക്കണമെന്നാണ്. മറ്റൊരു മാർഗവുമില്ലെങ്കിൽ ഇന്ത്യയ്ക്കു് ഇതിനു സമ്മതിക്കേണ്ടതായിവന്നേക്കാം. അന്താരാഷ്ട്രീയബന്ധങ്ങളിൽ മാനാപമാനങ്ങൾക്കു പ്രസക്തിയില്ല. അവിടെ യാഥാർത്ഥ്യം എന്തെന്നേ നോക്കേണ്ടൂ.

ചൈനയും ഇന്ത്യയും തമ്മിലുള്ള അതിർത്തിത്തർക്കം ഈ രണ്ടു രാഷ്ട്രങ്ങളേയുംമാത്രം ബാധിക്കുന്ന ഒന്നല്ല. പാകിസ്ഥാൻ, സോവിയറ്റ് യൂണിയൻ എന്നീ രാഷ്ട്രങ്ങളുടെകൂടി അതിർത്തിയാണ് ചൈനീസ്–ഇന്ത്യൻ അതിർത്തി. പാകിസ്ഥാനിലൂടെ അമേരിക്കയ്ക്കും ഉണ്ടു് ഈ അതിർത്തിയിൽ താൽപര്യം. സോവിയറ്റ് യൂണിയനുമായി ആയുധപ്പന്തയത്തിൽ ഏർപ്പെട്ടിരിക്കുന്ന അമേരിക്ക, ചൈനീസ്–ഇന്ത്യൻ അതിർത്തിത്തർക്കം പരിഹരിക്കപ്പെടുന്നതിനു്, സ്വാഭാവികമായി, എതിരാണ്. കാരണം, ഇന്ത്യയെ റഷ്യയുടെ കയ്യാൾ ആയിട്ടാണ് അമേരിക്ക നിരീക്ഷിക്കുന്നതു്. പാകിസ്ഥാനാണെങ്കിൽ, ഇന്ത്യയും ചൈനയും തമ്മിലുള്ള തർക്കം ദൈവം കല്പിച്ചു നൽകിയ ഒരവസരമത്രേ. മേഷയുദ്ധത്തിലെ ജംബുകന്റെ സ്ഥാനമാണ് ഈ വഴക്കിൽ പാകിസ്ഥാൻ ഏറ്റെടുത്തിട്ടുള്ളതു്. അന്താരാഷ്ട്രീയ കൂടതന്ത്രത്തിന്റെ വലക്കെട്ടുകളിൽ കുടുങ്ങിയ ഇന്ത്യ–ചൈന അതിർത്തിത്തർക്കം എളുപ്പത്തിൽ പരിഹരിക്കപ്പെടുമെന്നു് ആശിക്കുന്നതു മൗഢ്യമായിരിക്കും.

ചൈനയുടെ ഇപ്പോഴത്തെ നേതാവായ ദെങ്സ്യാവോ പിങ്ങിനു് എൺപത്തിയൊന്നു വയസ്സായി. മാവോ സി ഡോങ്ങിൽനിന്നു തനിക്കു പകർന്നുകിട്ടിയ പ്രശ്നങ്ങൾ പരിഹരിക്കാൻ അദ്ദേഹത്തിനു് തിടുക്കമുണ്ടെന്നു പറയപ്പെടുന്നു. നാല്പത്തൊന്നു വയസ്സായ ഇന്ത്യൻ പ്രധാനമന്ത്രിയും പ്രശ്നങ്ങൾ വേഗം പരിഹരിക്കുന്നതിൽ വിശ്വസിക്കുന്ന ഒരാളാണ്. ഇവർ തമ്മിൽ നടക്കാനിരിക്കുന്ന കൂടിക്കാഴ്ച ചൈന–ഇന്ത്യ അതിർത്തിത്തർക്കത്തിന്റെ പരിഹാരത്തെ കുറേക്കൂടി അടുത്തേക്കു കൊണ്ടുവരുമെന്നു വിശ്വസിക്കാം. പക്ഷേ, ആ പരിഹാരം അതിർത്തിയെ ഇന്നത്തെ നിലയിൽ ഉറപ്പിക്കുന്ന ഒന്നാവാനാണു സാധ്യത. അതായതു്, നഷ്ടം ഇന്ത്യയ്ക്കായിരിക്കും.

ദില്ലി–ഗോവ സംഭാഷണങ്ങൾകൊണ്ടു് ഫലമുണ്ടായില്ലേ? ഉണ്ടായി. ബൈജിങ്ങിലെ ഇന്ത്യൻ എംബസ്സിക്കു് 35,000 ചതുരശ്രമീറ്റർ സ്ഥലം സൗജന്യവിലയ്ക്കു് വില്ക്കാൻ ചൈനീസ് സർക്കാർ സമ്മതിച്ചു.

ശ്രമിക്കുന്നതു് ലഡാഖിൽ 42,735 ചതുരശ്രകിലോമീറ്റർ സ്ഥലത്തു് ആക്രമിച്ചുകയറി ഇരിപ്പുറപ്പിച്ച ചൈനീസ് പട്ടാളത്തെ ഒഴിപ്പിക്കാൻ; കിട്ടിയതു് ബൈജിങ്ങിൽ സൗജന്യവിലയ്ക്കു് 35,000 ചതുരശ്ര മീറ്റർ സ്ഥലം.

നയതന്ത്ര ഇടപാടുകളിൽ അങ്ങനെയൊക്കെ ഉണ്ടാവുമായിരിക്കാം.

14–11–1985